**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6143** **09-07-2024 - ൽ മറുപടിയ്ക്ക്**

**നൂറ് ദിന കർമ്മ പരിപാടികൾ സഹകരണ മേഖലയിൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീമതി ഒ എസ് അംബിക,<br>ശ്രീ. ടി.ഐ.മധുസൂദനൻ** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തിന്റെ സമഗ്രവികസനം ലക്ഷ്യമിട്ട് മുൻഗണനാ മേഖലകൾ നിശ്ചയിച്ച് നടപ്പാക്കിയ നൂറ് ദിന കർമ്മ പരിപാടികളിലൂടെ സഹകരണ മേഖലയിലുണ്ടായ നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | നൂറ് ദിന കർമ്മ പരിപാടികളിലൂടെ സഹകരണ മേഖലയിലുണ്ടായ നേട്ടങ്ങൾ ചുവടെ ചേർക്കുന്നു.<br>1. യുവജനങ്ങൾക്കായി 25 സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതിന് ലക്ഷ്യമിട്ട പ്രകാരം 31 യുവജന സഹകരണ സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ട്.<br>2. 100 സഹകരണ ഗ്രന്ഥാലയങ്ങളെ നവീകരിക്കുന്നതിന് സഹകരണ സംസ്കൃതി എന്ന സാംസ്കാരികോത്സവം സംഘടിപ്പിച്ചു.<br>3. സഹകരണ മേഖലയിലെ തെരഞ്ഞെടുത്ത 100 ഗുണമേന്മയുള്ള ഉല്പന്നങ്ങൾ ഒറ്റ ബ്രാൻഡിന് കീഴിലാക്കി പൊതു ട്രേഡ് മാർക്കോടെ ഇ-കൊമേഴ്സ് പ്ലാറ്റ്ഫോമിലേക്ക് കൊണ്ടുവരാനായി.<br>4. സഹകരണ വകുപ്പിൽ ആഡിറ്റ് ഡയറക്ടറുടെ നേതൃത്വത്തിൽ ടീം ആഡിറ്റ് സംവിധാനം നടപ്പിലാക്കി.<br>5. തിരുവനന്തപുരം ആസ്ഥാനമായി കേരള സ്റ്റേറ്റ് ഐ.റ്റി പ്രൊഫെഷണൽസ് സഹകരണ സംഘം രൂപീകരിക്കാനായി.<br>6. സർക്കാർ ധനസഹായത്തോടെ ടെക്നോ പാർക്ക് ഹോസ്പിറ്റൽ സഹകരണ സംഘത്തിൽ, റേഡിയോളജി, ഡിജിറ്റൽ മാമോഗ്രാഫി തുടങ്ങിയ സൗകര്യങ്ങളോട് കൂടിയ ആധുനിക മൈക്രോ ബയോളജി ലാബ് ആരംഭിച്ചു.<br>7. ഗിഗ് പ്ലാറ്റ്ഫോം വർക്കേഴ്സ്, ഓൺ ലൈൻ വിപണന ശൃംഗലയിലെ ജീവനക്കാരുടെ സാമ്പത്തികവും സാമൂഹികവുമായ ഉന്നമനത്തിനുള്ള സഹകരണ സംഘം രൂപീകരിച്ചു. |

8. ആർബിട്രേഷൻ, എക്സിക്യൂഷൻ കേസുകളിൽ ഉൾപ്പെട്ടവർക്ക് ഇളവുകളോടെ കേസുകൾ തീർപ്പാക്കുന്നതിനും വായ്പകൾ അവസാനിപ്പിക്കുന്നതിനുമുള്ള പദ്ധതി നടപ്പിലാക്കുകയും 28401 ആർബിട്രേഷൻ കേസുകൾ തീർപ്പാക്കുകയും ചെയ്തു.
9. കേരള ബാങ്കിലെ എല്ലാ ബ്രാഞ്ചുകളുടെയും പ്രവർത്തനത്തെ കോർത്തിണക്കി സമ്പൂർണ്ണ സി.ബി.എസ് സിസ്റ്റം നടപ്പിലാക്കി, എല്ലാ സേവനങ്ങളും ഓൺലൈനായി ലഭ്യമാക്കിയിട്ടുണ്ട്.
10. സഹകരണ പരീക്ഷാ ബോർഡിന്റെ നടത്തിപ്പ് പൂർണ്ണമായും ഓൺലൈനായി മാറ്റി.
11. സഹകരണ വകുപ്പിന്റെ കീഴിൽ വരുന്ന എല്ലാ ആഫീസുകളിലും പൂർണ്ണമായും ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കി.
12. സഹകരണ ആശുപത്രികളുടെ നേതൃത്വത്തിൽ പാലിയേറ്റീവ് കെയർ പദ്ധതി നടപ്പിലാക്കുന്ന പദ്ധതി പ്രകാരം 9 ജില്ലകളിലായി 18 ആശുപത്രി സംഘങ്ങളെ ഉൾപ്പെടുത്തി പെയ്ഡ് പാലിയേറ്റീവ് കെയർ പദ്ധതി ആരംഭിച്ചു .
13. സഹകരണ നവരത്നം ബംബർ ലോട്ടറി നടത്തിപ്പിലൂടെ ലഭിച്ച ലാഭ വിഹിതത്തിൽ നിന്നും അശരണരായ സഹകാരികൾക്ക് ധന സഹായം നൽകുവാൻ കഴിഞ്ഞു .
14. കേരളത്തിലെ സമസ്ത മേഖലയിലുള്ള കലാകാരൻമാരുടെ ഉന്നമനത്തിനായി കോട്ടയം ആസ്ഥാനമായും കേരള സംസ്ഥാനം മുഴുവൻ പ്രവർത്തനപരിധിയായും Kerala State Artist & Artistes Co-operative Society Ltd. No. 4506 (AARTICS) എന്ന പേരിൽ കലാകാരൻമാരുടെ സഹകരണസംഘം രൂപീകരിച്ചു.
15. വിവിധ സഹകരണ ബാങ്കുകൾ മുഖേന "സഹകരണം സൗഹൃദം" എന്ന പേരിൽ ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെട്ട വ്യക്തികൾക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി 519 വായ്പകളിലായി 43026072/- രൂപ വിതരണം ചെയ്തു.
16. സഹകരണ സംഘങ്ങൾ മുഖേന 500 ഏക്കർ സ്ഥലത്ത് കൃഷി നടപ്പിലാക്കുന്ന പദ്ധതി പ്രകാരം 410 സംഘങ്ങൾ 608 ഏക്കർ 24 സെന്റ് സ്ഥലത്ത് കൃഷി ആരംഭിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | ഒന്നാം നൂറ് ദിന കർമ്മ പരിപാടിയുടെ ഭാഗമായി പൂർത്തിയാക്കിയ പദ്ധതികളെക്കുറിച്ച് വിശദമാക്കുമോ; | (ബി) | ഒന്നാം നൂറ് ദിന കർമ്മപദ്ധതി പ്രകാരം 6 പദ്ധതികൾ ഉൾപ്പെടുത്തുകയും ആയത് പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ആയത് സംബന്ധിച്ച വിവരണം ചുവടെ ചേർക്കുന്നു.<br><br>1. <u>കെയർഹോം പദ്ധതി രണ്ടാം ഘട്ടം</u><br>2018, 2019 എന്നീ കാലയളവിൽ ഉണ്ടായ വെള്ളപ്പൊക്കത്തിലും പ്രകൃതിക്ഷോഭത്തിലും ഇരയായവരെ പുനരധിവസിപ്പിക്കുന്നതിനായി തൃശ്ശൂർ ജില്ലയിലെ പഴയന്നൂർ ഗ്രാമ പഞ്ചായത്തിൽ കെയർ ഹോം രണ്ടാം ഘട്ട പദ്ധതി പ്രകാരം 40 കുടുംബങ്ങൾക്കുള്ള ഭവന സമുച്ചയം നിർമ്മിച്ചു നൽകി.<br>2. <u>യുവ സംരംഭകർക്കായി സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്ന പദ്ധതി.</u><br>പദ്ധതി പ്രകാരം യുവ സംരംഭകർക്കായി 31 യുവജന സഹകരണ സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ട്.<br>3. <u>വനിതാ സഹകരണ സംഘങ്ങൾ വഴി മിതമായ നിരക്കിൽ മാസ്ക്, സാനിറ്റൈസർ ഉൾപ്പെടെയുള്ള കോവിഡ് പ്രതിരോധ ഉൽപ്പന്നങ്ങളുടെ 10 നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുന്ന പദ്ധതി.</u><br>കോവിഡ് പ്രതിരോധ സാമഗ്രികൾ നിർമ്മിക്കുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി വിവിധ ജില്ലകളിലായി 10 വനിത സഹകരണ സംഘങ്ങൾ വഴി 10 യൂണിറ്റുകൾ ആരംഭിച്ചു.<br>4. <u>സംസ്ഥാനമാകെ അധികാര പരിധിയോടു കൂടി ഒരു നെല്ല് സഹകരണ സംഘം രൂപീകരിക്കുന്നതിനും പാലക്കാട് റൈസ് മിൽ മാതൃകയിൽ കുട്ടനാട് അപ്പർ കുട്ടനാട് ആസ്ഥാനമാക്കി ഒരു സംഭരണ, സംസ്കരണ വിപണന സഹകരണ സംഘം രജിസ്റ്റർ ചെയ്ത് രണ്ട് ആധുനിക റൈസ് മില്ലുകൾ ആരംഭിക്കുന്ന പദ്ധതി.</u><br>പ്രസ്തുത കാലയളവിൽ സംഘം രൂപീകരിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. പദ്ധതി പൂർത്തികരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>5. <u>വിദ്യാതരംഗിണി.</u><br>കോവിഡ് മഹാമാരിക്കാലത്ത് 1 മുതൽ 12 ക്ലാസ് വരെയുള്ള വിദ്യാർത്ഥികളുടെ ഓൺലൈൻ പഠനത്തിനായി മൊബൈൽ ഫോണുകൾ വാങ്ങുന്നതിനായി ഒരു വ്യക്തിയ്ക്ക് |

| | | | |
|---|---|---|---|
| | | | 10,000/- രൂപ വരെ പലിശ രഹിത വായ്പ ലഭിക്കുന്ന പദ്ധതി. ടി പദ്ധതി 2021 ജൂൺ 25 മുതൽ ജൂലൈ 31 വരെ നടപ്പാക്കിയിരുന്നു.<br>6. <u>തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന പദ്ധതി</u><br>പദ്ധതിയുമായി ബന്ധപ്പെട്ട് കേരള ബാങ്ക് വഴിയും സഹകരണ സ്ഥാപനങ്ങൾ വഴിയും തൊഴിലധിഷ്ഠിതമായ ചെറുകിട സംരംഭങ്ങൾ, ചെറുകിട കച്ചവടം എന്നിവയ്ക്കായി വായ്പകൾ അനുവദിച്ച് പ്രത്യക്ഷമായും പരോക്ഷമായും തൊഴിലവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. |
| (സി) | രണ്ടും മൂന്നും നൂറ് ദിന കർമ്മ പരിപാടികളിൽ ഏറ്റെടുത്ത പ്രവർത്തനങ്ങൾ വിജയകരമായി പൂർത്തിയാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; നാലാം നൂറ് ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തുന്നതിനായി പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | ഉണ്ട്.<br><br>പദ്ധതികൾ തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ